**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 363** **01-02-2023 - ൽ മറുപടിയ്ക്ക്**

**ഇ- ഗവേണൻസ് പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. മാണി. സി. കാപ്പൻ** | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** |

(എ) സംസ്ഥാനത്ത് ഇ-ഗവേണൻസിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സേവനങ്ങൾ ഓൺലൈനിൽ കിട്ടുന്ന സിറ്റിസൺ പോർട്ടലിൽ അപേക്ഷകൾ കെട്ടിക്കിടക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവ സമയബന്ധിതമായി പൂർത്തീകരിച്ച് സേവനം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ) **സിറ്റിസൺ പോർട്ടലിൽ അപേക്ഷകൾ കെട്ടിക്കിടക്കുന്ന സാഹചര്യമില്ല. ഇന്റഗ്രേറ്റഡ് ലോക്കൽ ഗവർണൻസ് മാനേജ്മെന്റ് സിസ്റ്റം (ILGMS), സിറ്റിസൺ സർവ്വീസ് പോർട്ടലിൽ ലഭ്യമാകുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തുന്നതിന് എല്ലാ മാസവും ജില്ലാ തലത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും, സംസ്ഥാന തലത്തിൽ പഞ്ചായത്ത് ഡയറക്ടറും ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാരുമായി യോഗം ചേരാറുണ്ട്.**

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സേവനങ്ങൾ ഓൺലൈൻ ആയി നൽകുന്നതിനായി വികസിപ്പിച്ചിട്ടുള്ള സിറ്റിസൺ സർവ്വീസ് പോർട്ടലിന്റെ പുരോഗതി യഥാസമയം വിലയിരുത്താറുള്ളതും പെന്റൻസി കാണുന്ന നഗരസഭകളെ പ്രത്യേകമായി ഓൺലൈനിൽ വിളിച്ച് ചേർത്ത് അടിയന്തിരമായി പെന്റിംഗ് തീർക്കുന്നതിന് നിർദ്ദേശം നൽകാറുള്ളതുമാണ്. കൂടാതെ എല്ലാ മാസവും സംസ്ഥാന തലത്തിൽ വിളിച്ച് ചേർക്കുന്ന നഗരസഭാ സെക്രട്ടറിമാരുടെ യോഗത്തിൽ ഓൺലൈൻ സേവനങ്ങൾ ഒരു പ്രത്യേക അജണ്ടയായി ചേർത്ത് റിവ്യൂ ചെയ്യാറുള്ളതും സെക്രട്ടറിമാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകാറുള്ളതുമാണ്.**

സിറ്റിസൺ സർവ്വീസ് പോർട്ടലിലൂടെ (ഓൺലൈൻ അപേക്ഷകൾ) സമർപ്പിക്കുന്ന അപേക്ഷകളിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. നിലവിൽ (30/01/2023 വരെ) 1367025 അപേക്ഷകൾ സിറ്റിസൺ സർവ്വീസ് പോർട്ടലിലൂടെ ലഭ്യമായിട്ടുണ്ട്. ആയതിൽ 1176631 അപേക്ഷകൾ (86%) തീർപ്പാക്കിയിട്ടുള്ളതാണ്. ശേഷിക്കുന്ന അപേക്ഷകളിൽ തുടർ നടപടി സ്വീകരിച്ചു വരുന്നു.

**30/01/2023 വരെ**

| **ഓഫീസ് തരം** | **ലഭിച്ച അപേക്ഷകൾ** | **സേവനം നൽകിയവ** | **ശതമാന** |
|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 1213167 | 1048677 | 86 |
| മുൻസിപാലിറ്റി | 114596 | 93958 | 82 |
| കോർപ്പറേഷൻ | 39262 | 33996 | 87 |
| **ആകെ** | **1367025** | **1176631** | **86** |

| | | | |
|---|---|---|---|
| | | | |

സെക്ഷൻ ഓഫീസർ